# ബാലയുഗം

## വിദ്യാലയ വാർത്തകൾ- ജൂലൈ 2022

പൊതുവിദ്യാഭ്യാസവകുപ്പ്
കേരള സർക്കാർ

kkmgvhsselippakulam@gmail.com കെ.കെ.എം.ജി.വി.എച്ച്.എച്ച്.എസ്. ഇലിപ്പക്കുളം Phone: 04792335269

### ബാലയുഗം : സർഗാത്മകതയുടെ നേർ പത്രം

**പൊ**തു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ മികവിന്റെ കേന്ദ്രമായി മാറിയ കെ.കെ .എം .ജി .വി .എച്ച് .എസ് .എസ് .ഇലിപ്പക്കുളം നാടിന്റെ സ്പന്ദനമായി നിലകൊള്ളുന്നു. ഇന്ത്യ ഇന്ന് 75 ആം സ്വാതന്ത്ര്യോത്സവത്തിന്റെ മധുരം നകരുമ്പോൾ ആ സ്വാതന്ത്ര്യം നേടിത്തരാൻ തന്റെ യൗവ്വനം ഉഴിഞ്ഞു വെച്ച വള്ളികുന്നത്തിന്റെ സ്വന്തം സ്വാതന്ത്ര്യ സമര സേനാനി കാമ്പിശ്ശേരി കരുണാകരൻ ഇന്ന ജന്മശതാബ്ദി ആഘോഷിക്കുന്ന വേളയിൽ, അദ്ദേഹത്തിന്റെ നാമധേയത്തിൽ നിലകൊള്ളുന്ന ഈ സ്കൂൾ വരും തലമുറയ്ക്ക് വിദ്യ പകരുന്നതിനൊപ്പം സ്വാതന്ത്ര്യ സമര ചരിത്രവും പഠിപ്പിക്കുന്നു.

തികച്ചും ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന്റെ ഭൗതിക സാഹചാര്യങ്ങൾ ദിനംപ്രതി മെച്ചപ്പെടുത്തി സ്കൂളിനെ ഹൈടെക് എഡ്യൂക്കേഷൻ സിസ്റ്റത്തിലേക്ക് മാറ്റുന്നതിന് ആലപ്പുഴ ജില്ലാപഞ്ചായത്ത് ചുക്കാൻ പിടിക്കുന്നു.സെക്കന്ററി തലത്തിൽ തുടർച്ചയായി നൂറുമേനി വിജയം നേടി ജൈത്ര യാത്ര തുടരുന്ന ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങുന്ന ഓരോ വിദ്യാർത്ഥികളും അറിവിന്റെ കാര്യത്തിൽ മാത്രമല്ല മറിച്ച സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരായി മാറുന്നു എന്നതും വസ്തുത തന്നെ .

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, സബ്ജക്ട് കൗൺസിലിങ്, സ്റ്റീം വർക്ക് അനാലിസിസ് എന്നിവയിലൂടെ പാഠ്യപ്രവർത്തനങ്ങൾ നടത്തുകയും വിവിധ ക്ലബ് തല പ്രവർത്തനങ്ങളിലൂടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയും അക്കാദമിക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നു.സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സാമൂഹീകരണം എന്ന വിദ്യാഭ്യാസ ലക്ഷ്യം നേടാൻ കഴിയുന്ന 'ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം' അനുഭവങ്ങളുടെ പരിമിതി മറികടന്ന് എല്ലാ കുട്ടികളേയും ഒരേ നിലവാരത്തിൽ എത്തിക്കാൻ കഴിയുന്നു.

കുട്ടികൾക്ക് അവരുടെ ദൈനം ദിന ജീവിതത്തിലും ചുറ്റുപാടുകളിലും കലയുടെയും സർഗാത്മകതയുടെയും അന്തരീക്ഷം വളർത്തിയെടുക്കുക ,വിമർശനാത്മക ചിന്തയും, കലയെ സൃഷ്ടിക്കാനും അഭിനന്ദിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ കലയിടങ്ങൾ: എല്ലാവരുടെയും കല, എല്ലാവർക്കും കല എന്ന ജില്ലാ പഞ്ചായത്തിന്റെ പുതിയ സംരഭത്തിനു ഈ സ്കൂളും ഭാഗമായി മാറുന്നതോടെ ബാലയുഗത്തിന്റെ ജൈത്ര യാത്രയും തുടരുന്നു.

### മാനത്തെ മഹാത്ഭുതങ്ങൾ തേടി ...ചാന്ദ്ര ദിനം (പെരിജീ )


ചാന്ദ്ര ദിനാഘോഷം H.M. അനിത ടീച്ചർ ഉദ്ഘടനം ചെയ്യുന്നു

ഇലിപ്പക്കുളം : കെ .കെ .എം .ജി .വി .എച്ച് .എച്ച് .എസിൽ 2022 ജൂലായ് 21 ന് ചാന്ദ്ര ദിനം ആവേശോജ്വലമായി ആഘോഷിച്ചു. സയൻസ് ക്ലബ്ബിന്റെയും ലിറ്റിൽ കൈറ്റ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് ഇക്കൊല്ലം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ചന്ദ്രൻ ഭ്രമണ പഥത്തിൽ ഭൂമിയോട് ഏറ്റവും അടുത്ത് നിൽക്കുന്ന സ്ഥാനത്തെ അവലംബമാക്കി 'പെരിജീ'(PERIGEE) എന്നായിരുന്നു ചാന്ദ്ര ദിനാഘോഷത്തിന്റെ പേര്.സയൻസ് ക്ലബ് കൺവീനർ ശ്രീമതി താര ടീച്ചറിന്റെ അധ്യക്ഷതയിൽ കൂടിയ ചാന്ദ്ര ദിനാഘോഷം കുട്ടികളുടെ സ്വാഗത ഗാനത്തോടെ ആരംഭിച്ചു. ശ്രീമതി ശ്രീലേഖ ടീച്ചർ സ്വാഗതം ആശംസിച്ചു.സ്കൂൾ എച്ച് .എം .ഇൻ ചാർജ് ശ്രീമതി അനിത ടീച്ചർ ഉദ്ഘടനം നിർവഹിച്ചു.തുടർന്ന് ശാസ്ത്ര സാഹിത്യ പരിഷത്തിൽ നിന്നും ശ്രീ മുരളി കാട്ടൂർ സർ ശാസ്ത്ര പ്രഭാഷണം നടത്തി.

ചാന്ദ്ര ദിന പ്രദർശനം ,പോസ്റ്റർ രചന മത്സരം ,ചാന്ദ്ര ദിന ക്വിസ്,യു .പി .കുട്ടികളുടെ ചാന്ദ്ര ദിന സ്കിറ്റ് ,പ്രസംഗം ,കവിതാലാപനം, ബോട്ടിൽ ആർട്ട് ,റോക്കറ്റ് നിർമ്മാണം ,സ്പേസ് സ്റ്റേഷൻ നിർമ്മാണം ,ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം,വിഡിയോ നിർമ്മാണം,തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ പ്രൗഢ ഗംഭീരമായി നടത്തി.കുട്ടികളുടെ സർഗാത്മകതയ്ക്ക് മാറ്റ് കൂട്ടുന്ന രീതിയിൽ ഓരോ പ്രവർത്തനങ്ങളും മികച്ചു നിന്നു. ലിറ്റിൽ കൈറ്റ്സ് അദ്ധ്യാപിക മുബീന ടീച്ചറും പ്രവർത്തനങ്ങൾക്ക് പിന്തുണയേകി.

## വിദ്യാലയ വാർത്തകൾ- ജൂലൈ 2022

# ബാലയുഗം

## മാനം മഹാത്ഭുതം -ശാസ്ത്ര പ്രഭാഷണം



കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ചാരുംമൂട് മേഖലയിൽ നിന്നും എത്തിയ ശ്രീ മുരളി കാട്ടൂർ 'മാനം മഹാത്ഭുതം' എന്ന വിഷയത്തെ ആസ്പദമാക്കി വീഡിയോകളുടെ സഹായത്താൽ കുട്ടികളെ ആകാശത്തിന്റെ അത്ഭുത ലോകത്തിലേക്ക് എത്തിച്ചു. വിദ്യാർത്ഥികളിൽ ശാസ്ത്രഭിരുചി വളർത്താനും അന്ധവിശ്വാസങ്ങളെ ശാസ്ത്ര തത്വങ്ങളുടെ അടിസ്ഥാനത്തിൽ ദൂരീകരിക്കുവാനും ഉതകുന്ന ക്ലാസ്,ഗലീലിയോയുടെ ടെലിസ്സ്കോപ് മുതൽ ജെയിംസ് വെബ് സ്പേസ് ടെലിസ്കോപ്പ് വരെ വിശകലനം ചെയ്തു പ്രപഞ്ച സത്യങ്ങളെ വീഡിയോ പ്രസന്റേഷൻ ക്ലാസ്സിലൂടെ,'മാനം എന്ന മഹാത്ഭുതത്തിലേക്ക് കൂട്ടി കൊണ്ടുപോവാൻ ക്ലാസിനു കഴിഞ്ഞു.ശാസ്ത്രസാഹിത്യ പരിഷത്ത് ചാരുംമൂട് മേഖല പ്രവർത്തകരായ ശ്രീ രാജ് കുമാർ,വൈശാഖ് എന്നിവരും പങ്കെടുത്തു.

## ശ്രീഹരി :കൊച്ചു ശാസ്ത്രജ്ഞൻ



*8C യിലെ ശ്രീഹരി, നിർമ്മിച്ച റോക്കറ്റും സ്പേസ് സ്റ്റേഷനുമായി*

## ഗൗരി നന്ദന : ഡിജിറ്റൽ മിടുക്കി



ചാന്ദ്ര ദിനാഘോഷത്തെ ആവേശമാക്കി എല്ലാവരിലും എത്തിക്കാൻ 9B യിലെ ഗൗരിക്ക് കഴിഞ്ഞു. അതിമനോഹരമായി 3 വിഡിയോകളും 2 ഡിജിറ്റൽ പോസ്റ്ററുകളും നിർമ്മിച്ച ഗൗരി ലിറ്റിൽ കൈറ്റ്സ് ലീഡറും കൂടിയാണ് .

## ചാന്ദ്ര ദിനാഘോഷത്തിൽ നിന്നും...



വിദ്യാലയത്തെ ആവേശഭരിതമാക്കി ചാന്ദ്രദിന സ്കിറ്റ്











## ലിറ്റിൽ കൈറ്റ്സ്, അഭിരുചി പരിക്ഷ നടത്തി



*അഭിരുചി പരീക്ഷയ്ക്കായി കമ്പ്യൂട്ടർ ലാബ് സജ്ജമായപ്പോൾ*

ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ .ടി . കൂട്ടായ്മ- യായ ലിറ്റിൽ കൈറ്റ്സിന്റെ 2022-25 ബാച്ചിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരു- ചി പരീക്ഷ ജൂലൈ -2 ന് നടത്തി .എട്ടാം ക്ലാസ്സിലെ 4 ഡിവിഷനുക- ളിൽ നിന്നുമായി 42 കുട്ടികൾ പരീക്ഷ എഴുതി . KITE തയ്യാറാക്കിയ പ്രത്യേക സോഫ്റ്റ് വെയർ ഉപയോഗിച്ചായിരുന്നു പരീക്ഷ .ലോജിക്കൽ ,പ്രോഗ്രാമിങ് ,5 ,6 ,7 ക്ലാസ്സുകളിലെ ഐ .ടി .പാഠപുസ്തകം,ഐ .ടി. പൊതുവിജ്ഞാനം എന്നീ മേഖലകളിൽ നിന്നുമായി 20 ചോദ്യങ്ങളാണ് ഓരോ കുട്ടി- ക്കും ലഭിച്ചത് .ലിറ്റിൽ കൈറ്റ്സ് അദ്ധ്യാപകരായ ശ്രീ സജിത്ത് ,ശ്രീമതി താര ,ശ്രീമതി മുബീന എന്നിവർ പരീക്ഷ നടത്തിപ്പിന് നേതൃത്വം നൽകി .

## ഊർജ്ജസംരക്ഷണം സുസ്ഥിര വികസനത്തിന് . . . . . . .



[SMART ENERGY CLUB ന്റെ ഭാഗമായി നടന്ന പോസ്റ്റർ രചനാമത്സരത്തിൽ പങ്കെടുത്ത കുട്ടികൾ അവർ നിർമ്മിച്ച പോസ്റ്ററുമായി ............]

ഇലിപ്പക്കുളം : കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂളിൽ സ്മാർട്ട് എനർജി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'ഊർജ്ജസംരക്ഷണം സുസ്ഥിര വികസനത്തിന്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി പോസ്റ്റർ രചനാമത്സരം നടത്തി. 25-ഓളം ഹൈസ്കൂൾ വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ നിന്നും സമൂഹത്തിലേക്ക് പകരുക എന്ന ലക്ഷ്യത്തോടെയാണ് എനർജി ക്ലബ് മത്സരം സംഘടിപ്പിച്ചത്. കുട്ടികൾ വരച്ച പോസ്റ്ററുകൾ ഉൾപ്പെടുത്തി ഒരു വീഡിയോയും ക്ലബ്ബിന്റെ ഭാഗമായി നിർമ്മിച്ചു.

## കേരള ചരിത്ര ക്വിസ് 2022 . . .





സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന കേരള ചരിത്ര ക്വിസ് 2022-ന്റെ സ്കൂൾ തല മത്സരം 15.7.22ന് ഉച്ചയ്ക്ക് 1.25ന് കമ്പ്യൂട്ടർ ലാബിൽ സോഷ്യൽ സയൻസ് അധ്യാപകരുടെ നേതൃത്വത്തിൽ നടത്തി. ഇതിൽ 10 A യിലെ ആഷിക്ക്. ജെ, അജ്മിൽ ലബ് മുഹമ്മദ്. എ എന്നിവർ ഡി. ഇ. ഒ. തല മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടി.

## കെ. കെ. എം. ജി. വി. എച്ച്. എസ്. എസ്. ഇളിപ്പക്കുളം

## സോഷ്യൽസയൻസ് ക്ലബ്ബ്:- ലോകജനസംഖ്യാദിനം.




കെ. കെ. എം. ജി. വി. എച്ച്. എസ്. എസിൽ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ജനസംഖ്യാദിനാചരണം നടത്തി. ദിനാചരണത്തിന്റെ ഭാഗമായി പോസ്റ്റർ രചന, പ്രസംഗം എന്നിവ നടത്തി. 1987 ജൂലൈ 11 ന് ലോകജനസംഖ്യ 500 കോടിയിലെത്തി. ലോകജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചാലുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് ഐക്യരാഷ്ട്രസഭ ജൂലൈ 11 ലോകജനസംഖ്യാദിനമായി ആചരിക്കാൻ തുടങ്ങിയത്. ജനസംഖ്യ നേട്ടമോ, ബാധ്യതയോ എന്ന



വിഷയത്തെ അടിസ്ഥാനമാക്കി 10 B യിലെ ഹന്ന. എച്ച് പ്രസംഗം അവതരിപ്പിച്ചു. ജനസംഖ്യ ഒരു രാജ്യത്തിന്റെ സമ്പത്താണ്. രാജ്യത്തിന്റെ പുരോഗതിക്ക് മനുഷ്യ വിഭവം അത്യാവശ്യമാണ്. എന്നാൽ തൊഴിലില്ലായ്മ, ദാരിദ്ര്യം, പാർപ്പിടമില്ലായ്മ, വിഭവങ്ങളുടെ അപര്യാപ്തത, പരിസ്ഥിതി പ്രശ്നങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം തുടങ്ങി നിരവധി പ്രശ്നങ്ങളിലേക്ക് ജനപ്പെരുപ്പം ലോകത്തെ നയിക്കുന്നു എന്ന ആശയം കുട്ടികളിലേക്ക് എത്തിക്കാൻ സാധിച്ചു. തുടർന്ന് കുട്ടികൾ തയ്യാറാക്കിയ പോസ്റ്റർ പ്രദർശനവും നടന്നു.



## സുരീലി ഹിന്ദി ഉത്സവവും പ്രേംചന്ദ് ജയന്തിയും സമുചിതമായി ആഘോഷിച്ചു



ഇലിപ്പകുളം: സ്കൂളിലെ ഹിന്ദി ക്ലബായ ഗ്യനോദയ് ൻ്റെ നേതൃത്വത്തിൽ 29/7/2022 വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരു മണി മുതൽ രണ്ടര വരെ സുരീലി ഹിന്ദി ഉത്സവവും പ്രേംചന്ദ് ജയന്തിയും ഗംഭീരമായി ആഘോഷിക്കുക ഉണ്ടായി. സ്കൂളിലെ പ്രധാനാധ്യാപിക അനിത ടീച്ചറിൻ്റെ അധ്യക്ഷതയിൽ ചേർന്ന പരിപാടി ഹയർ സെക്കൻഡറി സ്കൂൾ ഹിന്ദി അധ്യാപകനായി ദീർഘ കാലം സേവനം അനുഷ്ഠിച്ച സ്കൂൾ പ്രഥമ അധ്യാപകൻ ആയി റിട്ടയർ ചെയ്ത ആദരണീയ പ്രസന്നൻ പിള്ള സാർ ഉദ്ഘാടന കർമ്മം നിർവഹിച്ചു.സ്കൂളിലെ ഹിന്ദി അധ്യാപകരായ ശുഭകല ടീച്ചറും കല്പന ടീച്ചറും പരിപാടിക്ക് ആശംസകൾ നേർന്നു. യു പി തലം മുതൽ ഹയർ സെക്കൻഡറി വരെ ഉള്ള കുട്ടികൾ പരിപാടിയിൽ പങ്കാളികൾ ആയി.ഹിന്ദി ഭാഷയുടെ മഹത്വം വിളിച്ചോതുന്ന പ്രസംഗം, സുരീലി ഹിന്ദി പ്രോഗ്രാമിന് ഉള്ളിൽ വരുന്ന ഗീതങ്ങളുടെ ആലാപനം ദൃശ്യ ആവിഷ്കാരം. ഹിന്ദി യുടെ അമർ സാഹിത്യകാരൻ പ്രേംചന്ദിനെ പരിചയപ്പെടുത്തൽ, അദ്ദേഹത്തിൻ്റെ കൃതികളെ ഓർമ്മപ്പെടുത്തൽ,കുട്ടികളുടെ സർഗാത്മകത തെളിയിക്കുന്ന വർക്കുകളുടെ പ്രദർശനം എന്നിവ ഉത്സവത്തിന് മാറ്റുരച്ചു. കുട്ടികൾ ഹിന്ദി ഭാഷയോട് കൂടുതൽ അടുക്കുവാനും താൽപര്യം കൂടാനും പ്രസ്തുത ഉത്സവം ഏറെ സഹായിച്ചു എന്ന് നിസംശയം പറയാൻ കഴിയും.

## സുരീലി ഹിന്ദി ഉത്സവ വേദിയിൽ നിന്നും.....



# ബാലയുഗം

## ഗണിതശാസ്ത്ര ക്ലബ്ബ് :പൈ (π)അപ്രോക്സിമേഷൻ ദിനാചരണം



ഗണിതശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 22 'പൈ അപ്രോക്സിമേഷൻ ഡേ' ദിനാചരണം നടത്തി. പൈയുടെ മൂല്യമായ 22 / 7 നെ അനുസ്മരിപ്പിക്കുന്ന ദിനമാണ് ജൂലൈ 22. ഒരു വൃത്തത്തിന്റെ ചുറ്റളവും വ്യാസവും തമ്മിലുള്ള അനുപാതമാണ് പൈ എന്ന ഗ്രീക്ക് അക്ഷരത്തിലൂടെ അർത്ഥമാക്കുന്നത്. ദിനാഘോഷ ഭാഗമായി ഗണിത ക്ലബ്ബിന്റെ നേതിർത്വത്തിൽ പൈ ദിന ക്വിസ്,പോസ്റ്റർ രചന തുടങ്ങിയവ സംഘടിപ്പിച്ചു. എല്ലാ ക്ലബ്ബ് അംഗങ്ങളുടേയും പൂർണ്ണ പങ്കാളിത്തം ഉണ്ടായിരുന്നു. ഗണിതാദ്ധ്യാപകരായ ശ്രീ സജിത്ത്,ശ്രീമതി രാജി എന്നിവർ പ്രവർത്തനങ്ങൾക്ക് നേതിർത്വം നൽകി.

---

യു.പി.വിഭാഗം സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുതിയ രാഷ്ട്രപതിയുടെ സത്യപ്രതിജ്ഞാ ദിവസം നടത്തിയ പത്രവാർത്തകളുടെ ശേഖരണവും പ്രദർശനവും.

## ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് ത്രിതീയ സോപാൻ ക്യാമ്പ്





ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ മാവേലിക്കര ജില്ലാ കാര്യാലയത്തിൽ വച്ച് നടന്ന "രാജ്യപുരസ്കാർ ത്രിതീയ സോപാൻ ക്യാമ്പ്" ൽ നമ്മുടെ സ്കൂളിൽ നിന്നും ഫാത്തിമ ഹുസൈൻ,ആർച്ച എസ്. എന്നീ വിദ്യാർത്ഥികൾ പങ്കെടുത്തു. ജൂലൈ 23,24,25 തീയതികളിലായി നടന്ന ക്യാമ്പിൽ മാവേലിക്കര, ചെങ്ങന്നൂർ, കായംകുളം സബ്ജില്ലകളിൽ നിന്നുമായി 250 ഓളം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു.



## കലയിടങ്ങൾ: എല്ലാവരുടേയും കല, എല്ലാവർക്കും കല



സർഗാത്മകതയെ പഠന കൂട്ടായ്മയുടെ കാതലായി കൊണ്ടുവരുന്നതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്ത് ആരംഭിക്കുന്ന ഒരു പുതിയ സംരംഭമാണിത്. ഈ പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് 13, 14 തീയതികളിലായി ഇലിപ്പക്കുളം K.K.M.G.V.H.S.S. ലെ 5 മുതൽ 9 വരെ ക്ലാസുകളിലെ താല്പര്യമുള്ള എല്ലാ കുട്ടികളേയും മാതാപിതാക്കളേയും ഉൾപ്പെടുത്തി ഒരു ശില്പശാല സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 14-ാം തീയതി 4 മണി മുതൽ 5 മണി വരെ കലാപ്രദർശനവും ഉണ്ടായിരിക്കുന്നതാണ്.

ഓരോരുത്തരുടേയും ദൈനംദിന ജീവിതത്തിലും, ചുറ്റുപാടുകളിലും കലയുടേയും സർഗാത്മകതയുടേയും അന്തരീക്ഷം വളർത്തിയെടുക്കുക, കലയെ ആസ്വദിക്കാനും അഭിനന്ദിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഈ പരിപാടിയുടെ മുന്നൊരുക്കങ്ങൾക്കായി അധ്യാപകർക്കുള്ള യോഗം July 29 ന് സ്കൂളിൽ വച്ച് ജില്ലാ പഞ്ചായത്ത് മെമ്പർ ആർ.റിയാസിന്റെ അധ്യക്ഷതയിൽ കൂടി. ആർട്ടിസ്റ്റ് കോ-ഓർഡിനേറ്റർ ബ്ലെയിസ് ജോസഫ് പദ്ധതി വിശദീകരണം നടത്തി.

### ക്ലാസ് പി.ടി.എ .സംഘടിപ്പിച്ചു

ജൂലൈ മാസം K.K.M.G.V.H.S.S.ലെ എല്ലാ ക്ലാസ്സുകളിലും ക്ലാസ് P.T.A. നടത്തി. പത്താം ക്ലാസ്സിന്റേത് 26/07/22 ചൊവ്വാഴ്ച 1.30 മുതലും 5 മുതൽ 9 വരെ ക്ലാസ്സിന്റേത് 27/07/22 ബുധനാഴ്ച 1.30 pm മുതലും ആയിരുന്നു.രക്ഷിതാക്കളുടെ പങ്കാളിത്തം നല്ലരീതിയിൽ ഉണ്ടായിരുന്നു.യൂണിറ്റ് ടെസ്റ്റുകളുടെ മൂല്യനിർണ്ണയങ്ങൾ അവലോകനം ചെയ്തു. ഓഗസ്റ്റ് 24 ന് ഇടങ്ങുന്ന ഒന്നാം ടെം പരീക്ഷയുടെ തയ്യാറെടുപ്പുകളെ കുറിച്ച് ചർച്ച നടത്തി.

### പുതിയ അദ്ധ്യാപകർ

ഈ അധ്യയന വർഷം കുട്ടികൾ കൂടുതലുണ്ടായതിനെ തുടർന്ന് 3 പേരെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിച്ചു. 25/07/22 ൽ നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ സൗമ്യ രാജൻ(HST-English) സുലേഖ ബീവി(UPST) രജിത കെ .ആർ(UPST) എന്നിവരെയാണ് നിയമിച്ചത്.ഇവർ ഓഗസ്റ്റ് 1 മുതൽ ചാർജ് എടുക്കും. കൂടാതെ നിലവിലെ UPST ആയിരുന്ന ശ്രീ തേജസ് രവി കായംകുളം ഗവ . യു .പി എസിലേക്ക് സ്ഥലം മാറിയ ഒഴിവിൽ ശ്രീ രാജേഷ് ആർ ഓഗസ്റ്റ് 1 മുതൽ ചാർജ് എടുക്കും.

### NUMATS പരിക്ഷ

NCRT യുടെയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും നേതിർത്വത്തിൽ ഗണിത ശാസ്ത്രത്തിൽ മിടുക്കരായ കുട്ടികളെ ആറാം ക്ലാസ്സിൽ നിന്നും കണ്ടെത്തി, പരിശീലനം നൽകുന്ന ഒരു പദ്ധതിയാണ് NUMATS(Nurturing Mathematical Talents in Schools).കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ 2 വർഷങ്ങളിൽ ഈ പരീക്ഷ നടക്കാഞ്ഞതിനാൽ ഇപ്പോൾ 7,8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരീക്ഷ നടത്തുന്നു. നമ്മുടെ സ്കൂളിൽ നിന്നും കൃഷ്ണപ്രിയ എസ്.ആർ ,മിൻഹ ഷുക്കർ ,അവന്തിക അനീഷ്(7th)നന്ദന എ നായർ ,അർജ്ജുൻ എം നായർ,നവനീത് ആർ (8th)എന്നിവരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഓഗസ്റ്റ് 20 നാണ് ഉപജില്ലാ തല പരീക്ഷ .

### റിവാല്യവേഷൻ വിജയം

SSLC പരീക്ഷയുടെ റിവാല്യവേഷനിലൂടെ മിധു ,ദിയ എസ് ദേവ് എന്നീ വിദ്യാർഥികൾക്ക് കൂടി Full A+ കിട്ടി.ഇതോടെ ഈ വർഷത്തെFull A+ കാരുടെ എണ്ണം 13 ആയി.

### ആരോഗ്യ അവബോധം



സ്കൂൾ ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വള്ളികുന്നം സെന്ററിൽ നിന്നും കുട്ടികൾക്കായി 'മഴക്കാല രോഗങ്ങളും പ്രതിരോധവും' എന്ന വിഷയത്തിൽ ബോധവൽക്കരണം നടത്തി. വയറിളക്കരോഗങ്ങളെ എങ്ങനെ തടയാം എന്നതിനെ കുറിച്ച് മായ സിസ്റ്റർ വിശദമായി ക്ലാസ് എടുത്തു.

### സ്കൂൾ ലൈബ്രറിയിലേക്ക് സംഭാവന




KKMGVHSS ലെ +2 വിഭാഗം NSS ന്റെ ആഭിമുഖ്യത്തിൽ നമ്മുടെ സ്കൂൾ ലൈബ്രറിയിലേക്ക് 7 പുസ്തകങ്ങൾ ജൂലൈ 14 ന് സംഭാവന ചെയ്തു.H.M. In Charge അനിത കുമാരി ടീച്ചർ പുസ്തകങ്ങൾ ഏറ്റു വാങ്ങി .

## വിദ്യാലയ വാർത്തകൾ- ജൂലൈ 2022

# ബാലയുഗം

### ഇംഗ്ലീഷ് ക്ലബ്ബ് ഉദ്ഘാടനം



K.K.M.G.V.H.S.S.ലെ ഈ വർഷത്തെ ഇംഗ്ലീഷ് ക്ലബ്ബ് 22-7-22 വെള്ളിയാഴ്ച V.H.S.E. പ്രിൻസിപ്പൽ ശ്രീമതി ബേബി ചന്ദ്ര ഉദ്ഘാടനം ചെയ്തു. 9A യിലെ വിദ്യാർത്ഥികൾ പ്രാർത്ഥനാ ഗാനം ആലപിച്ചു. ശ്രീമതി ബേബി ചന്ദ്ര ടീച്ചർ Communicative English ന്റെ(How to Speak English Fluently) പ്രാധാന്യത്തെ പറ്റി ക്ലാസ്സ് എടുത്തു. എല്ലാ കുട്ടികളും സജീവമായി ക്ലാസ്സിൽ പങ്കെടുത്തു. ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് കൺവീനറെയും യു.പി.വിഭാഗത്തിൽ നിന്നും ജോയിന്റ് കൺവീനറെയും തെരഞ്ഞെടുത്തു. തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും കുട്ടികളുടെ പങ്കാളിത്തം സജീവമായി തന്നെ ഉണ്ടാകണമെന്ന് തീരുമാനിച്ചു ക്ലബ്ബിലെ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. H.M. In Charge അനിതകുമാരി ടീച്ചർ, ക്ലബ്ബ് കൺവീനർമാരായ ഗംഗ ടീച്ചർ, തേജസ് സാർ എന്നിവർ പ്രസംഗിച്ചു.

### സ്കൂളിലേക്ക് ജന്മഭൂമി പത്രം



വള്ളികുന്നം ലയൺസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ K.K.M.G.V.H.S.S ലേക്ക് സൗജന്യമായി ജന്മഭൂമി പത്രം തരുന്നതിന്റെ ഉദ്ഘാടനം July 6 ന് നടന്നു.







**PREPARED BY - SCIENCE CLUB**
**K.K.M.G.V.H.S.S ELIPPAKULAM**